**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 406** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ കൈമാറ്റവും ഉപഭോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകളുടെയും, മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകളുടെയും, മറ്റ് ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടുതലാണ്. അതിൽ നിന്നും ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്. |
| (ബി) | ഇത്തരം നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ സംഭരണവും, വിതരണവും സംബന്ധിച്ച് 2016 മുതൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ പിടിയിലായവരിൽ എത്ര ഇതര സംസ്ഥാനക്കാരുണ്ട്; വിശദമാക്കാമോ; | (ബി) | <u>വർഷം എൻ.ഡി.പി.എസ് കേസുകൾ കോട്പ കേസുകൾ</u><br>2016 2985 45756<br>2017 5946 72231<br>2018 7573 71793<br>2019 7099 76833<br>2020 3667 52222<br>2021 3922 74609<br>2022 6116 86114<br>2023 392 6711<br>(24.01.2023 വരെ) |
| (സി) | സംസ്ഥാനത്തിനു പുറത്തുനിന്നും വാഹനങ്ങളിലും, ട്രെയിനുകളിലുമായി കൊണ്ടുവരുന്ന ലഹരിവസ്തുക്കളുടെ സ്ഥാനം കൃത്യമായി മനസ്സിലാക്കുന്നതിനും, ബന്ധപ്പെട്ടവരെ കണ്ടെത്തി നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാനക്കാർ പ്രതികൾ ആയിട്ടുള്ള കേസുകൾ കണ്ടെടുക്കുന്നതിനും മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്താനുമായി അന്വേഷണ ഉദ്യോഗസ്ഥർ മറ്റു സംസ്ഥാനങ്ങളിൽ നേരിട്ട് പോയി അന്വേഷിക്കുകയും വിവര ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും മയക്കുമരുന്ന് കടത്താതിരിയ്ക്കുന്നതിനായി ട്രെയിനുകളിലും ബസുകളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കർശന |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തിവരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യസംസ്ഥാന ബസ് സ്റ്റേഷനുകൾ, ഹാർബറുകൾ, തുറമുഖങ്ങൾ എന്നിവ വഴി സംസ്ഥാനത്തേയ്ക്ക് ലഹരിയുടെ വരവ് തടയുന്നതിന് വകുപ്പ് തലത്തിലും പോലീസ്, ഫോറസ്റ്റ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, അന്യസംസ്ഥാന സേനകൾ, ഹെൽത്ത് തുടങ്ങിയ ഫോഴ്സ്/വകുപ്പുകളുമായി ചേർന്നും സംയുക്ത പരിശോധന നടത്തി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്നിഫർ ഡോഗുകളുടെ സഹായത്തോടെയും, ചെക്ക് പോസ്റ്റുകളിൽ ക്യാമറകൾ സ്ഥാപിച്ചും ശക്തമായ പരിശോധനകൾ നടത്തി വരുന്നു. അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപഭോഗം ശാശ്വതമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപഭോഗം ശാശ്വതമായി തടയുന്നതിന് എക്സൈസ് വകുപ്പ് വിവിധ കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒരു മാസം നീണ്ടുനിന്ന തീവ്ര കർമ്മ പരിപാടി സംഘടിപ്പിച്ചു. ഇക്കാലയളവിൽ നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയുണ്ടായി.<br><br>ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് വകുപ്പിന്റെ വിവിധ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും, വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. ക്ലബ്ബുകൾ, ബാറുകൾ, ലോഡ്ജുകൾ, ടർഫുകൾ, ഫ്ളാറ്റുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, യുവാക്കൾ അധികമായി ഒത്തുകൂടുന്നയിടങ്ങൾ എന്നിവ നിരീക്ഷിച്ച് പരിശോധനകൾ നടത്തി വരുന്നു. ആർ.പി.എഫ്, പോലീസ്, തീരദേശ പോലീസ്, വനം, റവന്യൂ, ഭക്ഷ്യസുരക്ഷാ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ വിവരങ്ങൾ പരിശോധിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി |

| | | | |
|---|---|---|---|
| | | | ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുന്നതിനും പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ